പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 302

30.11.2015-ൽ മറുപടിക്ക്.

## അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. വി. ശിവൻകുട്ടി

(എ) അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ സർക്കാർ നടത്തിയ അവലോകനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) സർക്കാർ വിരുദ്ധ നടപടികൾ കൈക്കൊണ്ടു എന്ന പേരിൽ ഫയർ ഫോഴ്സ് മേധാവി സ്ഥാനത്തു നിന്ന് ഡി.ജി.പി ജേക്കബ് തോമസിനെ മാറ്റുകയുണ്ടായോ;

(സി) ഫയർ ഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി ജേക്കബ് തോമസ് സർക്കാർ വിരുദ്ധ പ്രവർത്തനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ബഹുനില ഫ്ളാറ്റ് നിർമ്മാണങ്ങൾക്ക് ഫയർ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഫ്ളാറ്റ് നിർമ്മാണ കമ്പനികൾ സർക്കാരിന് നൽകിയ പരാതി എന്തായിരുന്നു; ഇക്കാര്യത്തിൽ ഡയറക്ടറുടെ നിലപാട് എന്തായിരുന്നു; സർക്കാർ തീരുമാനം വിശദമാക്കുമോ?

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തി വരുന്നതാണ്. 16.11.2015 -ൽ ബഹു. ആഭ്യന്തരമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി. 2015-16 വർഷത്തെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ടുകൾ വിനിയോഗിച്ച് അടിയന്തിര നടപടി സ്വീകരിക്കുവാനും, വകുപ്പിലെ ജീവനക്കാർക്ക് ശബരിമല ഡ്യൂട്ടി ചെയ്യാനുള്ള യാത്രബത്ത അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും, ഏരിയൽ ലാഡർ പ്ലാറ്റ് ഫാം/റ്റേൺ ടേബിൾ ലാഡർ വാങ്ങാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും, അഗ്നിരക്ഷാവകുപ്പിന്റെ എൻ.ഒ.സി ലഭിക്കാനുള്ള അപേക്ഷകളിൽ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവയ്ക്ക് ഫയർ എൻ.ഒ.സി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

(ബി)യും, (സി)യും ഭരണപരമായ സൗകര്യങ്ങൾക്കു വേണ്ടി ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ആയിരുന്ന ഡോ. ജേക്കബ് തോമസിനെയും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ. അനിൽ കാന്തിനേയും പരസ്പരം മാറ്റി നിയമിക്കുകയുണ്ടായി. ഫയർ ഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി ശ്രീ.ജേക്കബ് തോമസ് സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫയർ എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയും, കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തതിനാൽ കെട്ടിടങ്ങൾക്ക് എൻ.ഒ.സി ലഭിക്കുന്നത് തടസ്സപ്പെട്ടതിനെതിരെയും, എൻ.ഒ.സിയ്ക്കായുള്ള അപേക്ഷകൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ മുഖേന നൽകണമെന്ന വ്യവസ്ഥ മാറ്റണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് പരാതി നൽകിയത്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് എൻ.ഒ.സി നൽകുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

V Beena

സെക്ഷൻ ഓഫീസർ